**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2351** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (എ) | ദേശീയ ഭക്ഷ്യ ഭദ്രത നിയമം, 2013 അനുശാസിക്കുന്ന വാതിൽപ്പടി വിതരണം സംസ്ഥാനത്ത് കുടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, സംസ്ഥാനത്തിന്റെ ഭക്ഷ്യ ഭദ്രത ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും ശാസ്ത്രീയ മാതൃകയിലുള്ള NFSA ഗോഡൗണുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ പീരുമേട്, ഉടുമ്പൻചോല താലൂക്കുകളിലും, എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിലും, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിലും, തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിലും കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട്, കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലും (08 താലൂക്കുകൾ) സഹകരണ വകുപ്പിന്റെ സഹായത്തോടെ AIF (Agriculture Infrastructure Fund) ഉപയോഗിച്ചുകൊണ്ട് NFSA ഗോഡൗൺ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടി സ്ഥലങ്ങൾക്ക് പുറമേ പയ്യന്നൂർ, കോന്നി, കോഴഞ്ചേരി എന്നീ താലൂക്കുകളിൽ പൊതുവിതരണ വകുപ്പിന്റെ തനത് ഫണ്ട് ഉപയോഗിച്ച് കൊണ്ട് ഗോഡൗൺ നിർമ്മിക്കുവാനും ലക്ഷ്യമിടുന്നു. ഒരു താലൂക്കിൽ ഒരു ശാസ്ത്രീയ ഗോഡൗൺ എന്ന രീതിയിൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി സർക്കാർ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിച്ച് കരാർ അടിസ്ഥാനത്തിൽ ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>എഫ്.സി.ഐ, സി.എം.ആർ മില്ലുകൾ എന്നിവിടങ്ങളിൽ നിന്നും എൻ.എഫ്.എസ്.എ ഗോഡൗണിലേക്കും, എൻ.എഫ്.എസ്.എ ഗോഡൗണിൽ നിന്നും റേഷൻ കടകളിലേയ്ക്കും |

| | | | |
|---|---|---|---|
| | | | ഭക്ഷ്യസാധനങ്ങൾ കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കാൻ സപ്ലൈകോയെ പ്രാപ്തമാക്കുന്നതിന് C-DAC ന്റെ സാങ്കേതിക സഹകരണത്തോടെ വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് ഫ്ലീറ്റ് മാനേജ്മെന്റ് സിസ്റ്റം (VTFMS) നടപ്പാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി റേഷൻ വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളിൽ GPS(Global positioning System) ഘടിപ്പിച്ച് VTFMS സോഫ്റ്റ്.വെയർ മുഖേന നിരീക്ഷിക്കുകയും നിർദ്ദേശിച്ചിട്ടുള്ള സഞ്ചാര പാതക്ക് വിരുദ്ധമായി വാഹനങ്ങൾ സഞ്ചരിക്കുകയാണെങ്കിൽ തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. വാടകയ്ക്ക് എടുത്ത വാഹനങ്ങളുടെ ഫ്ലീറ്റ് എൻറോൾമെന്റ്, നിലവിലെ ലൊക്കേഷൻ ട്രാക്കിംഗ്, ട്രിപ്പുകളുടെ ഷെഡ്യൂളിംഗ്, റൂട്ട് വ്യതിയാനം അല്ലെങ്കിൽ യാത്രയ്ക്കിടെ അനാവശ്യമായി വാഹനം നിർത്തുന്നത് എന്നിവയെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് അറിയിപ്പ് സന്ദേശങ്ങൾ, ജിയോഫെൻസിംഗ്, റൂട്ട് ഹിസ്റ്ററി പ്ലേബാക്ക്, വാഹന വിനിയോഗത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഉത്ഭവ സ്ഥലത്തിനും ലക്ഷ്യസ്ഥാനത്തിനും ഇടയിൽ ചരക്ക് കൊണ്ടുപോകുന്ന സമയത്ത് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ കണ്ടെത്താനും ഈ സംവിധാനം സഹായിക്കുന്നു. ഈ സംവിധാനം നടപ്പാക്കിയതു വഴി റേഷൻ വിട്ടെടുപ്പും വാതിൽപ്പടി വിതരണവും കൂടുതൽ സുഗമവും സുതാര്യവുമാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>വാതിൽപ്പടി വിതരണം നടത്തുന്ന വാഹനം തിരിച്ചറിയുന്നതിനായി കളർകോഡ് ഏർപ്പെടുത്തുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ